**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്-പ്രിൻസിപ്പൽ സെക്രട്ടറിയുടെ (ധനകാര്യം)പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതി നൽകിയ ഉത്തരവ്- പരിഷ്കരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.7500/2018/ധന.** **തിരുവനന്തപുരം, തീയതി 07/09/2018**

പരാമർശം:- 1. 18/08/2018 തീയതിയിലെ സ.ഉ. (അച്ചടി)നം134/2018/ധന
2. 31/08/2018 തീയതിയിലെ സ.ഉ. (സാധാ)നം7285/2018/ധന
3. 21/08/2018 ലെ സർക്കുലർ നം.76/2018/ധന

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാർ ജീവനക്കാർക്കായി 2018-ൽ അനുവദിച്ച ഉത്സവബത്ത പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജീവനക്കാരുടെ സംഭാവനയായി നൽകുന്ന തുകയും പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന മറ്റു തുകകളും പ്രത്യേകമായി വരവ് ചെയ്യുന്നതിനുള്ള സൗകര്യത്തിനായി ഒരു സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുവാൻ പരാമർശം 2 ലെ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഈ ഉത്തരവ് പ്രകാരം, പ്രളയദുരിതവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന മറ്റു തുകകളും കൂടി വരവ് വെക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത് ആശയക്കുഴപ്പം സൃഷ്ടിക്കുവാൻ സാധ്യതയുള്ളതിനാൽ ഉത്സവബത്തക്ക് പുറമെ, ജീവനക്കാരിൽ നിന്നും സംഭാവനയായി ലഭിക്കുന്ന ശമ്പളത്തിന്റെ വിഹിതം കൂടി മാത്രമേ ഈ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടാൻ പാടുള്ളൂ എന്നും പൊതുമേഖലാ സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡഡ് സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജീവനക്കാരുടെ വിഹിതവും ധനകാര്യ ലോൺസ് വിഭാഗത്തിൽ നിന്നും പുറപ്പെടുവിച്ച മേൽ പരാമർശത്തിലെ സർക്കുലർ വ്യവസ്ഥകൾ പ്രകാരം തുടരേണ്ടതാണ് എന്ന് കൂടി നിഷ്കർഷിച്ച് ഉത്തരവാകുന്നു.

3. പരാമർശം 2 ലെ സർക്കാർ ഉത്തരവ് ഇപ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
അണ്ടർ സെക്രട്ടറി (ധനകാര്യം)

പകർപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി, തിരുവനന്തപുരം.